LIBRARY ARCHIVES Kerala Legislative Assembly

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി

27 (394) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജനവിഭാഗങ്ങൾക്ക് വേണ്ടിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള കേന്ദ്ര - സംസ്ഥാന വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 485.37 കോടി രൂപയുടെ പദ്ധതി തുകയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള വിശദ പദ്ധതി രൂപരേഖ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഗ്രാമ പ്രദേശത്തെ വൈദ്യുതി ശൃംഖലയുടെ പൊതുവായ നവീകരണ-വിപുലീകരണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ഇതോടൊപ്പം ബി.പി.എൽ. വിഭാഗക്കാർക്കുള്ള സൗജന്യ വൈദ്യുതി കണക്ഷനുകളും ലക്ഷ്യമിടുന്നു.

(സി) ആകെ പദ്ധതി തുക - 485.37 കോടി രൂപ.

60% - കേന്ദ്ര സർക്കാർ ഗ്രാന്റ്

30% - പദ്ധതി നടത്തിപ്പിനുവേണ്ടി സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും എടുക്കാവുന്ന ലോൺ തുക

10% - കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/സംസ്ഥാന വിഹിതം.

പവർ പർച്ചേസ് എഗ്രിമെന്റ്

28 (395) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പവർ ലിമിറ്റഡും വൈദ്യുതി ബോർഡുമായി ഉണ്ടാക്കിയ പവർ പർച്ചേസ് എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചോ ; എങ്കിൽ എന്നാണ് അവസാനിച്ചത്; മറ്റെന്തെങ്കിലും നടപടി സ്വീകരിക്കുകയോ പുതിയ കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ ;